ആനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കൈക്കൊള്ളേണ്ട നടപടികൾ

82 (2560) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്സവാഘോഷയാത്രകളിലും മറ്റും ആനകളെ എഴുന്നള്ളിക്കുന്നതിന് നിലവിൽ നിരോധനമോ നിയന്ത്രണമോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനകളുടെ സംരക്ഷണത്തിനും പരിപാലത്തിനുമായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാട്ടാന പരിപാലനം സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ഉത്സവാഘോഷങ്ങളിലും മറ്റും ആനകളെ എഴുന്നള്ളിപ്പിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് :

1. ഉത്സവാഘോഷങ്ങളിൽ ആനയെ ഉപയോഗിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും വെയ്ഞ്ച് ആഫീസിലും അറിയിക്കേണ്ടതും ആഘോഷത്തിന്റെ വിശദമായ കാര്യ പരിപാടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കേണ്ടതുമാണ്.

2. പരിശീലനം ലഭിച്ച പാപ്പാന്മാരെ മാത്രമേ ആനയെ കൊണ്ടു പോകുന്നതിന് ഉപയോഗിക്കുവാൻ പാടുള്ളൂ. പാപ്പാന്മാർ മദ്യപിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. ആനകളെ ഉത്സവത്തിന് ഉപയോഗിക്കുന്നതിന് മുമ്പ് വെറ്ററിനറി ഡോക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്.

4. ആനകൾക്ക് വനം വകുപ്പ് നൽകിയിട്ടുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമായും ഉണ്ടായിരിക്കണം.

5. ആനകളെ ഉത്സവത്തിന് ഉപയോഗിക്കുമ്പോൾ വേണ്ടത്ര തീറ്റ, വെള്ളം, വിശ്രമം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ദിവസവും ഒരു പ്രാവശ്യമെങ്കിലും കുളിപ്പിച്ചിരിക്കണം. ഇതിന് ആനയുടമസ്ഥരും ആഘോഷകമ്മിറ്റിക്കാരും ശ്രദ്ധിക്കേണ്ടതാണ്.

6. ഉത്സവ സ്ഥലത്ത് കൂടുതൽ ആനകളെ ഉപയോഗിക്കുമ്പോൾ പരിചയസമ്പന്നരായ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

7. തുടർച്ചയായി ആനയെ വെയിലത്തു നിർത്തേണ്ടി വന്നാൽ നനഞ്ഞ പ്രതലത്തിൽ നിർത്തേണ്ടതാണ്.

8. ആനകളെ ജനക്കൂട്ടത്തിൽനിന്നും ആവശ്യമായ അകലത്തിൽമാത്രം നിർത്തണം. ജനങ്ങൾ ആനയെ തൊടാൻ അനുവദിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

9. കുട്ടി ആനകളെ (1.5 മീറ്ററിൽ താഴെ പൊക്കമുള്ളവ) ആഘോഷങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

10. ആനകൾ നിൽക്കുന്ന സ്ഥലത്തിനടുത്ത് പടക്കം പൊട്ടിക്കാൻ പാടില്ല.

11. ആനകളെ എഴുന്നള്ളിക്കുന്നതിന് കഴിവതും കാലത്തും വൈകിട്ടും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

12. ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് മുമ്പ് 12 മണിക്കൂർ സമയം വിശ്രമം ആനകൾക്ക് നൽകിയിരിക്കണം.

(ബി) ആനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പുറപ്പെടുവിച്ച ചട്ടങ്ങൾ നടപ്പാക്കിവരുന്നു. പാപ്പാന്മാർക്ക് പരിശീലനം, ഇൻഷ്വറൻസ് എന്നിവയും നടപ്പിലാക്കിവരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

83 (2561) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജൻ ഗ്രേഡ്-2 തസ്തികയിൽ ഇപ്പോൾ മൊത്തം എത്ര ഒഴിവുകളുണ്ട് ; ജില്ല തിരിച്ചുള്ള വിവരം നല്കുമോ ;

(ബി) നിലവിലെ ഒഴിവുകളിൽ സംവരണവിഭാഗങ്ങൾക്കായുള്ള തസ്തികകളെ സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) ഇപ്പോൾ താത്ക്കാലികാടിസ്ഥാനത്തിൽ എത്ര ഒഴിവുകളിൽ ആളെ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) 2010-ൽ സർക്കാർ നല്കിയ നിർദ്ദേശപ്രകാരം സൃഷ്ടിക്കാനുള്ള സൂപ്പർ ന്യൂമററി തസ്തികകൾ എത്രയെണ്ണമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംവരണസമുദായങ്ങൾക്കുള്ള ഒഴിവുകളും സൂപ്പർ ന്യൂമററി ഉൾപ്പെടെ മറ്റെല്ലാ ഒഴിവുകളും നിലവിലെ ലിസ്റ്റിൽനിന്നും നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വെറ്ററിനറി സർജന്മാരുടെ 93 ഒഴിവുകൾ നിലവിലുണ്ട്.

പത്തനംതിട്ട	1
ഇടുക്കി	10
കോട്ടയം	4
എറണാകുളം	2

LIBRARY ARCHIVES Kerala Legislative Assembly